**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് അടച്ച സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ തുറന്നപ്പോൾ സന്ദർശനത്തിനെത്തുന്ന വിദേശ സഞ്ചാരികൾ ഉൾപ്പെടെയുള്ളവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; | (എ) | 2021 കലണ്ടർ വർഷത്തെ ജൂൺ വരെ ഉള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതി വിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ വിശകലനം ചെയ്യുമ്പോൾ 2020 നെ അപേക്ഷിച്ച് 2021 മാർച്ച് മാസം മുതൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഏപ്രിൽ 2021 മുതൽ നാമമാത്രമായ വർദ്ധനവ് മാത്രമേ ഉള്ളൂ. 2021 മൂന്നും നാലും പാദങ്ങളിലെ (ജൂലൈ മുതൽ ഡിസംബർ വരെ) കണക്കുകൾ കൂടി അന്തിമമാക്കിയാലേ വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറന്നത് മൂലം സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ യഥാർത്ഥ വർദ്ധനവ് മനസ്സിലാക്കാൻ സാധിക്കൂ. |
| (ബി) | എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് ഈ എണ്ണത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2020 ഫെബ്രുവരി മുതൽ ആണ് കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ ബാധിച്ച് തുടങ്ങിയത്. 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 71.36 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.86 ശതമാനവും ഇടിവാണ് ഉണ്ടായത്. 2021 ജൂൺ വരെ ഉള്ള സ്ഥിതിവിവര കണക്കുകളാണ് വകുപ്പ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 97.36 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 69.20 ശതമാനവും ഇടിവാണ് ഉണ്ടായത്. |
| (സി) | ഈ മേഖലയിൽ എത്ര കോടിയുടെ വരുമാന നഷ്ടം ആണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | (സി) | വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. വിദേശനാണ്യ |

| | | | |
|---|---|---|---|
| | | | വരുമാനം 2019 കലണ്ടർ വർഷം 10,271.06 കോടി രൂപ ആയിരുന്നത് 2020 ൽ 2,799.85 കോടി രൂപ ആയി കുറഞ്ഞു. (7,471.21 കോടി രൂപയുടെ കുറവ്) 2020 കലണ്ടർ വർഷത്തിലെ ആകെ വരുമാനം 11,335.96 കോടി രൂപയാണ്. (74.81 ശതമാനം കുറവ്). അതായത് 2020 കലണ്ടർ വർഷത്തെ ടൂറിസം മേഖലയിലെ ആകെ നഷ്ടം (Direct + Indirect) ഏകദേശം 33,500 കോടിക്ക് മുകളിലാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെ ഉള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതി വിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019 ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു. |

സെക്ഷൻ ഓഫീസർ